# കടലിൽ കാണാതായ ക്രിസ്തുദാസിൻെറ മൃതദേഹം ഷാർജയിൽ കണ്ടെത്തി

റാസൽഖൈമ: തിരികെയെത്തുമെന്ന പ്രതീക്ഷയിൽ വീട്ടുകാരുടെയും സുഹൃത്തുക്കളുടെയും പ്രാർഥനയോടെയുള്ള കാത്തിരിപ്പിനും ഇറാനിലുണ്ടെന്നുള്ള അഭ്യൂഹങ്ങൾക്കും വിരാമമിട്ട് റാസൽഖൈമ കടലിൽ കാണാതായ തിരുവനന്തപുരം പുതിയതുറ സ്വദേശി ക്രിസ്തുദാസിൻെറ (34) മൃതദേഹം കണ്ടെത്തി. ഷാർജ ഹാർബറിന് 16 കിലോമീറ്റർ അകലെ കടലിൽ നിന്നാണ് മൃതദേഹം ലഭിച്ചത്. അതിരാവിലെ മത്സ്യബന്ധനത്തിന് പോയവർ ആണ് മൃതദേഹം കടലിൽ ഒഴുകിനടക്കുന്നതായി കണ്ടെത്തിയത്. ഇവർ വിവരമറിയിച്ചയുടൻ കോസ്റ്റ് ഗാർഡ് എത്തി പൊലീസിൻെറ സഹായത്തോടെ മൃതദേഹം കരക്കെത്തിച്ച് ഷാർജ പൊലീസ് മോർച്ചറിയിലേക്ക് മാറ്റി.



*ക്രിസ്തുദാസ്*

കഴിഞ്ഞ ശനിയാഴ്ചയാണ് റാസൽഖൈമ അൽ മ്യാരീദിൽ നിന്ന് മത്സ്യബന്ധനത്തിന് തിരിച്ച പുതിയതുറ അഗസ്റ്റ്യൻ-ക്രിസ്റ്റീന ദമ്പതികളുടെ മകൻ ക്രിസ്തുദാസിനെ കടലിൽ കാണാതായത്. ദിവസങ്ങളോളം തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഒരാഴ്ച തികയുന്ന ഇന്നലെ ഷാർജയിൽ നിന്ന് മൃതദേഹം ലഭിക്കുകയായിരുന്നു. വിവരമറിഞ്ഞ് റാസൽഖൈമയിലുള്ള സഹോദരൻ പാട്രിക് ലോറൻസും സഹോദരീ ഭർത്താവ് ജേക്കബ് ജോണും സുഹൃത്തുക്കളും ഷാർജയിലെത്തി മൃതദേഹം തിരിച്ചറിഞ്ഞു. കഴുത്തിലണിഞ്ഞിരുന്ന ജപമാല കണ്ടായിരുന്നു ഇത്. എന്നാൽ, മൃതദേഹം വിട്ടുകിട്ടുന്നതിന് ഇനിയും ചില നടപടിക്രമങ്ങൾ ബാക്കിയുണ്ടെന്ന് പാട്രിക് 'ഗൾഫ് മാധ്യമ'ത്തോട് പറഞ്ഞു. യു.എ.ഇയിൽ അടുത്തിലെ മൂന്നുപേരെ കടലിൽ കാണാതായിരുന്നു. ഈ സാഹചര്യത്തിൽ മൃതദേഹത്തിൻെറയും ക്രിസ്തുദാസ് സഞ്ചരിച്ചിരുന്ന ബോട്ടിലെയും വിരലടയാളങ്ങൾ ഒത്തുനോക്കിയ ശേഷമേ അധികൃതർ മൃതദേഹം വിട്ടുകൊടുക്കൂ. പോസ്റ്റുമോർട്ടവും ഇന്നാണ് നടക്കുക. അനാക്ലെറ്റയാണ് ഭാര്യ. മക്കൾ: അജിത (13), അനുജ (ഏഴ്).

മുമ്പ് മൂന്ന് വർഷക്കാലം യു.എ.ഇയിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന ക്രിസ്തുദാസ് ഒരു വർഷം മുമ്പ് വീണ്ടും റാസൽഖൈമ അൽ മ്യാരീദിൽ ജോലിക്ക് എത്തുകയായിരുന്നു. അവധിക്ക് നാട്ടിൽ പോയിരുന്ന ഇദ്ദേഹം ഫെബ്രുവരി രണ്ടിനാണ് തിരിച്ചെത്തിയത്. സംഭവദിവസം 11 ബോട്ടുകളിലായി 45 തൊഴിലാളികളാണ് പുറംകടലിലേക്ക് തിരിച്ചത്. ഇതിൽ അബൂഹബാബിയത്ത് (R-656) എന്ന ബോട്ടിലാണ് ക്രിസ്തുദാസ്, പാട്രിക് ലോറൻസ്, ജേക്കബ് ജോൺ, പൂന്തുറ സ്വദേശികളായ റോബിൻസൺ, യേശു മൈക്കിൾ, തഥയൂസ് എന്നിവരും സ്വദേശിയായ ഹുസൈനും ഉണ്ടായിരുന്നത്. കരയിൽ നിന്ന് 25 നോട്ടിക്കൽ മൈൽ ദൂരം പിന്നിട്ട ഇവർ കടൽ പ്രക്ഷുബ്ധമായതിനെ തുടർന്ന് മത്സ്യബന്ധനം നിർത്തി തിരിച്ച് പോരുകയായിരുന്നു. ബോട്ട് കരക്കടുക്കാറയപ്പോൾ മാത്രമാണ് പിന്നിൽ ഇരിക്കുകയായിരുന്ന ക്രിസ്തുദാസ് ബോട്ടിൽ ഇല്ലാത്തത് കൂടെയുണ്ടായിരുന്നവരുടെ ശ്രദ്ധയിൽപ്പെട്ടത്. വിവരം ഉടൻ ഹുസൈൻ അധികൃതർക്ക് കൈമാറിയെങ്കിലും അന്തരീക്ഷം പ്രക്ഷുബ്ധമായതിനാൽ തെരച്ചിൽ വിജയകരമായില്ല. അടുത്ത ദിവസങ്ങളിലും തീരദേശ സേന തെരച്ചിൽ നടത്തിയെങ്കിലും ക്രിസ്തുദാസിനെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

# ശൈഖ് ഹംദാൻ എടുത്ത ഫോട്ടോകളുടെ പ്രദർശനം നാളെ മുതൽ

ദുബൈ: ദുബൈ കിരീടാവകാശി ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാശിദ് ആൽ മക്തൂം കാമറയിൽ പകർത്തിയ ഫോട്ടോകളുടെ പ്രദർശനം നാളെ തുടങ്ങും. പ്രഥമ ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാശിദ് ആൽ മക്തൂം രാജ്യാന്തര ഫോട്ടോഗ്രഫി അവാർഡ് പ്രഖ്യാപനത്തിൻെറ ഭാഗമായിട്ടാണ് പ്രദർശനം ഒരുക്കിയിരിക്കുന്നത്. 31 വരെ ദുബൈ മാളിലെ ഗ്രാൻഡ് ആട്രിയത്തിലാണ് പ്രദർശനം.

തൻെറ വിദേശ യാത്രകൾക്കിടെ ശൈഖ് ഹംദാൻ പകർത്തിയ ഫോട്ടോകളാണ് പ്രദർശനത്തിലുള്ളതെന്ന് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാശിദ് ആൽ മക്തൂം രാജ്യാന്തര ഫോട്ടോഗ്രഫി അവാർഡ് സെക്രട്ടറി ജനറൽ അലി ബിൻ താലിത് പറഞ്ഞു. അവാർഡിന് പരിഗണിക്കുന്നതിനായി ലഭിച്ചതിലെ തെരഞ്ഞെടുത്ത ചിത്രങ്ങളും പ്രദർശിപ്പിക്കുന്നുണ്ട്. പ്രവേശനം സൗജന്യം.

# റാസൽഖൈമയിൽ മുഖംമൂടിധാരികളുടെ മോഷണം; 3,000 ദിർഹം കവർന്നു

റാസൽഖൈമ: എമിറേറ്റിൽ മുഖംമൂടി ധരിച്ചെത്തിയ മോഷ്ടാക്കൾ മൂവായിരത്തോളം ദിർഹവുമായി കടന്നുകളഞ്ഞു. അറബി ശാബിയയിൽ ഗ്രോസറി നടത്തി വരുന്ന ബംഗ്ലാദേശ് സ്വദേശി ഇബ്രാഹിമിൻെറ (35) പണമാണ് ഇന്നലെ പുലർച്ചെ നഷ്ടപ്പെട്ടത്. പുലർച്ചെ മൂന്ന് മണിയോടെ ഇബ്രാഹിമിൻെറ റൂമിൽ മുട്ടി സി.ഐ.ഡിയാണെന്ന് പരിചയപ്പെടുത്തിയാണ് മുഖംമൂടി ധരിച്ചവർ കതക് തുറപ്പിച്ചത്. അകത്തു പ്രവേശിച്ച മോഷ്ടാക്കൾ വലിപ്പിൻെറ ചാവി ആവശ്യപ്പെടുകയും ഇബ്രാഹിമിനെ ഭീഷണിപ്പെടുത്തുകയുമായിരുന്നു. അധികൃതർ സ്ഥലത്തെത്തി വിരലടയാളവും തെളിവുകളും ശേഖരിച്ച് മേൽനടപടികൾ സ്വീകരിച്ചു. ഈ പ്രദേശത്ത് മോഷ്ടാക്കളുടെ ശല്യം വർധിക്കുന്നതായാണ് റിപ്പോർട്ട്. ഇതിന് സമീപമുള്ള കാർപെൻററി കടയിലും മറ്റൊരു സ്ഥാപനത്തിലും അടുത്ത ദിവസങ്ങളിൽ മോഷണം നടന്നിരുന്നു.

# ബാങ്ക് വായ്പ നടപടികളിൽ നവംബർ മുതൽ മാറ്റം

**ബി.എസ്. നിസാമുദ്ദീൻ**

അബൂദബി: ബാങ്കുകളിൽനിന്ന് വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളിൽ സുപ്രധാന മാറ്റങ്ങൾ വരുത്തുന്നു. ഇടപാടുകാരെ അനാവശ്യമായി നിയമക്കുരുക്കിലേക്ക് വലിച്ചിഴക്കുന്നത് തടയുന്നതിനൊപ്പം, തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി കർശനമാക്കും. ഇവർക്ക് പിന്നീട് ഒരു ബാങ്കിൽനിന്നും വായ്പ അനുവദിക്കില്ല.

വായ്പ സംവിധാനം ഏകീകരിച്ചുകൊണ്ട് രാജ്യത്തെ മുഴുവൻ ബാങ്കുകളെയും മറ്റു ധനകാര്യ സ്ഥാപനങ്ങളെയും സെൻട്രൽ ബാങ്കുമായി ഇലക്ട്രോണിക് സംവിധാനത്തിലൂടെ ബന്ധിപ്പിക്കും. നവംബറിലാണ് പുതിയ സംവിധാനം നിലവിൽ വരിക. ഇതോടെ ഒരു ബാങ്കിൽനിന്ന് വായ്പയെടുത്തവരുടെ വിവരങ്ങൾ മറ്റു ബാങ്കുകൾക്ക് കൃത്യമായി അറിയാൻ സാധിക്കും. തിരിച്ചടവിൽ വീഴ്ച വരുത്തിയവരെ കണ്ടുപിടിക്കുന്നതിനാൽ, ഒരിടത്ത് വീഴ്ച വരുത്തിയവർക്ക് പിന്നീട് മറ്റൊരു ബാങ്കിൽ വായ്പ ലഭിക്കില്ല.

വായ്പ അനുവദിക്കുമ്പോൾ ഗ്യാരണ്ടിയായി ചെക്ക് വാങ്ങുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്താൻ സെൻട്രൽ ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. ചെക്ക് വാങ്ങാമെങ്കിലും ഇതുമായി നിയമ നടപടികളിലേക്ക് നീങ്ങുന്നതിന് മുമ്പ് സെൻട്രൽ ബാങ്കിൻെറ അനുമതി ആവശ്യമായി വരും. ഒരു ബാങ്കിൽനിന്ന് വായ്പ എടുത്ത വ്യക്തിയുടെ പേരിൽ മറ്റൊരു ബാങ്കിലെത്തുന്ന ശമ്പളത്തിൽനിന്ന് ബന്ധപ്പെട്ട ബാങ്കിന് പ്രതിമാസ ഗഡു ഈടാക്കാമെന്ന വ്യവസ്ഥയുണ്ടാകുമെന്നാണ് സൂചന. എന്നാൽ, ഇത് അക്കൗണ്ടിലെത്തുന്ന സംഖ്യയുടെ 50 ശതമാനത്തിൽ കൂടരുത്. തിരിച്ചടവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ആസ്തി വകകൾ പിടിച്ചെടുക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളിലും മാറ്റം വരുത്തും. ഓരോ വ്യക്തിക്കും തിരിച്ചടവിനുള്ള ശേഷിയനുസരിച്ച് മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

തിരിച്ചടവിലെ വീഴ്ച ഗുരുതരമായ തെറ്റായി കാണും. ഇവരെ 'കരിമ്പട്ടിക'യിൽപ്പെടുത്തും. വീഴ്ച വരുത്തുന്നതിൻെറ കാലതാമസം പരിഗണിച്ചാണ് ഇത്തരം വ്യക്തികളെ 'കരിമ്പട്ടിക'യിൽപ്പെടുത്തുക.

മൂന്നു ഘട്ടങ്ങളായാണ് ഇതിന് നടപടി സ്വീകരിക്കുക. ആദ്യ ഘട്ടത്തിൽ, നിശ്ചിത സമയത്ത് ഗഡുക്കൾ അടക്കാത്തവരെ നിരീക്ഷിക്കും. ഇതോടെ പേരുവിവരങ്ങൾ നിരീക്ഷണ വിഭാഗത്തിലേക്ക് മാറ്റും. 90 ദിവസത്തെ കാലതാമസം വരുത്തുന്നവരുടെ കാര്യത്തിലാണ് ഈ നടപടി. 120 ദിവസത്തെ കാലതാമസം വരുത്തുന്നവർ 'സംശയകരം' എന്ന വിഭാഗത്തിലായിരിക്കും. 180 ദിവസം കാലതാമസം വരുത്തിയവരാണ് മൂന്നാമത്തെ വിഭാഗത്തിലുണ്ടാവുക. ഇവരെ പിന്നീട് കരിമ്പട്ടികയിൽപ്പെടുത്തും. ഈ മൂന്നു വിഭാഗത്തിൽ ഏതെങ്കിലുമൊന്നിൽ ഉൾപ്പെടുന്ന വ്യക്തിക്ക് പിന്നീട് വായ്പ നിഷേധിക്കാൻ ഏത് ബാങ്കിനും അവകാശമുണ്ടാകും.

രണ്ടര ലക്ഷം ദിർഹം വായ്പയെടുത്തവരുടെ ലിസ്റ്റ് എല്ലാ ബാങ്കുകൾക്കും സെൻട്രൽ ബാങ്ക് അയച്ചിട്ടുണ്ട്. വീഴ്ച വരുത്തിയവരെ 'കരിമ്പട്ടിക'യിൽപ്പെടുത്തുകയും ചെയ്തു. ഇവർക്ക് ഇനി ഒരു ബാങ്കിൽനിന്നും വായ്പ അനുവദിക്കില്ല. എല്ലാ ബാങ്കിലെയും വായ്പക്കാരുടെ ലിസ്റ്റ് സെൻട്രൽ ബാങ്ക് ശേഖരിക്കുന്നുണ്ട്. ഒരു ബാങ്കിൽ വായ്പ അടച്ചുതീർക്കാതെ മറ്റൊരു ബാങ്കിൽ പോയി വായ്പയെടുക്കുന്ന പ്രവണത ഇതോടെ ഇല്ലാതാകും.




# ബോധവത്കരണ വഴിയിലൂടെ 'ഏക വൃക്കയിലേക്കുള്ള യാത്ര'

**സ്വന്തം ലേഖകൻ**

ദുബൈ: വൃക്ക ദാനം ചെയ്ത് മാതൃക കാട്ടിയ പ്രമുഖ വ്യവസായി കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി വൃക്കദാനം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണത്തിന് പുസ്തകമെഴുതുന്നു. 'എ ജേർണി ടു വൺ കിഡ്നി' എന്ന പുസ്തകം അവസാന മിനുക്കുപണിയിലാണ്. വൃക്കദാനത്തെക്കുറിച്ച് ഇപ്പോഴും ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന തെറ്റിദ്ധാരാണകൾ അകറ്റുകയാണ് പുസ്തകത്തിൻെറ ലക്ഷ്യമെന്ന് ദുബൈയിൽ ഹ്രസ്വസന്ദർശനത്തിനെത്തിയ അദ്ദേഹം 'ഗൾഫ് മാധ്യമ'ത്തോട് പറഞ്ഞു.

വൃക്കദാനത്തിലേക്ക് തന്നെ നയിച്ച സാഹചര്യം, ശസ്ത്രക്രിയ അടക്കമുള്ള അനുഭവങ്ങൾ, അതിനുശേഷമുള്ള ജീവിതം എന്നിവയൊക്കെയാണ് പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. വൃക്കദാനം ചെയ്ത ശേഷം ദാതാവ് മരുന്നുകൾ കഴിക്കണമെന്ന പോലെയുള്ള ധാരാളം തെറ്റിദ്ധാരണകൾ നിലനിൽക്കുന്നുണ്ട്. തനിക്ക് ശാരീരികമായ അസ്വസ്ഥതകളൊന്നുമുണ്ടായിട്ടില്ല. ആരോഗ്യവാനായ ഒരാൾക്ക് ഒരു വൃക്കയുടെ പ്രവർത്തനം ധാരാളമാണ്. വൃക്കദാനം ചെയ്ത 8000 പേർക്കിടയിൽ നടത്തിയ പഠനത്തിൽ 0.03 ശതമാനം പേർക്ക് മാത്രമാണു വൃക്ക സംബന്ധമായ പ്രശ്നങ്ങളുണ്ടായതെന്ന് കണ്ടെത്തിയിരുന്നു. വൃക്കദാനം പ്രോൽസാഹിപ്പിക്കപ്പെട്ടാൽ ഈ മേഖലയിലെ കച്ചവടവും തട്ടിപ്പും കുറയുമെന്നതും പുസ്തകമെഴുതാൻ പ്രേരണയായയെന്ന് അദ്ദേഹം പറഞ്ഞു.



*കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി*

പത്രപ്രവർത്തകൻ ജോഷ്വാ ന്യൂട്ടൻെറ സഹകരണത്തോടെ എഴുതുന്ന പുസ്തകം അഖിലേന്ത്യാ തലത്തിൽ പ്രസിദ്ധീകരിക്കുന്നതിന് പ്രസാധകനെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. തൻെറ ബാല്യകാല സ്മരണകൾ കോർത്തിണക്കിയ പുസ്തകമായ 'ഓർമക്കളിവാതിലി'ൻെറ രണ്ടാം ഭാഗത്തിൻെറ രചനയും പുരോഗമിക്കുന്നു. ബാല്യകാലം മുതൽ ജോലി ലഭിച്ച് നാട്ടിൽ നിന്ന് പോകുന്നത് വരെയുള്ള അനുഭവങ്ങളാണ് ഡീസി ബുക്സ് പ്രസിദ്ധീകരിച്ച ആദ്യ പുസ്തകത്തിലുള്ളത്. ജോലിയിലെയും വി-ഗാർഡ് വളർത്തിയെടുക്കുന്നതിലെയും അനുഭവങ്ങളാണ് ഇതേ പേരിൽ തന്നെയുള്ള രണ്ടാം ഭാഗത്തിലുണ്ടാവുക. പത്രപ്രവർത്തകൻ സജിൽ ശ്രീധർ, എം.എ. രവികുമാർ എന്നിവരുടെ സഹകരണത്തോടെയാണ് 'ഓർമക്കിളിവാതിൽ' എഴുതിയത്. വ്യക്തിത്വ വികസനത്തെ കുറിച്ചുള്ള 'പ്രാക്ടിക്കൽ വിസ്ഡം' എന്ന പുസ്തകത്തിൻെറ രണ്ടാം ഭാഗവും അതേ പേരിൽ പൂർത്തിയാക്കി വരികയാണെന്നും കൊച്ചൗസേഫ് പറഞ്ഞു.

ജീവിത ശൈലി വ്യത്യാസപ്പെടുന്നതിനാൽ വൃക്കരോഗങ്ങളെക്കുറിച്ച് പ്രവാസികൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. പ്രവാസി സംഘടനകളുടെ ഇത്തരം ശ്രമങ്ങളുമായി സഹകരിക്കാനും തയാറാണ്. ഫാ. ഡേവിസ് ചിറമ്മലിൻെറ കിഡ്നി ഫെഡറേഷനുമായി സഹകരിച്ചപ്പോഴുള്ള അനുഭവങ്ങൾ ഏറെക്കാര്യങ്ങൾ പഠിപ്പിച്ചു. വി-ഗാർഡ് ഇൻഡസ്ട്രീസ് എം.ഡി. എന്ന നിലയിലെ തിരക്കിനിടയിൽ വ്യത്യസ്ത മേഖലകളിൽ എന്തെങ്കിലും ചെയ്യുമ്പോൾ ഒരു ഉണർവ് കിട്ടുമെന്നതിനാലാണ് പുസ്തകരചനക്കും സാമൂഹിക പ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കഴിഞ്ഞ മൂന്ന് വർഷത്തെ ശ്രമം കൊണ്ട് അഖിലേന്ത്യാ തലത്തിൽ വി-ഗാർഡ് ഉൽപന്നങ്ങളുടെ സാന്നിധ്യമറിയിക്കാനായി. ഉത്തരഖണ്ഡിലെ കാശിപൂരിലും ഹിമാചൽപ്രദേശിലെ കാലാമിലും ഉൽപാദനകേന്ദ്രങ്ങളുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും വിതരണ-സേവന കേന്ദ്രങ്ങൾ തുടങ്ങാനായി.

ഹൈദരാബാദിൽ 220 കോടി മുതൽ മുടക്കിൽ 55 ഏക്കറിൽ സ്ഥാപിക്കുന്ന വാട്ടർ തീം പാർക്കിൻെറ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുകയാണ്. ബാംഗ്ലൂരിലെ വണ്ടർല വാട്ടർ തീം പാർക്കിൽ 26 കോടി മുതൽമുടക്കിൽ 84 മുറികളുള്ള ത്രീസ്റ്റാർ ഹോട്ടലിൻെറ നിർമാണം നടക്കുന്നുണ്ട്. താമസിയാതെ കൊച്ചിയിലെ വണ്ടർലയിലും ഹോട്ടൽ ആരംഭിക്കും. കൊച്ചിയിലെ കലൂരിലും വാഴക്കാലയിലും റിയൽഎസ്റ്റേറ്റ് വിങ് ആയ വിഗാലാൻഡ് ഡവലപേഴ്സിൻെറ പദ്ധതികൾ പുരോഗമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.